**ദക്ഷിണേന്ത്യ സഭ**
**70 ാം വാർഷിക ആഘോഷം**
**ചിന്താവിഷയം: ക്ഷമയിലേയ്ക്കും അനുരഞ്ജനത്തിലേക്കുമുള്ള തീർത്ഥയാത്ര**
**സെപ്റ്റംബർ 24, 2017**
**ആരാധനക്രമം**

**ആരാധന ആഹ്വാനം**

**ശുശ്രൂ:** നിത്യമായി ക്ഷമിക്കുന്ന ഞങ്ങളുടെ പിതാവായ ദൈവമേ, സി. എസ്. ഐ. ഞായറായി ആചരിക്കുന്ന ഈ ദിനം, ഞങ്ങളുടെ മധ്യത്തിലേയ്ക്ക് അവിടുത്തെ സാന്നിധ്യം ഇറങ്ങി വരേണമെന്ന് അപേക്ഷിക്കുന്നു!

അനുരഞ്ജനത്തിന്റെ പാതയിൽ ഞങ്ങളെ നയിക്കുന്ന പുത്രനായ ദൈവമേ, സി. എസ്. ഐ. സഭയുടെ എല്ലാ അംഗങ്ങളുമായുള്ള ഐക്യതയിൽ ഞങ്ങൾ ഈ ദിനം ആചരിക്കുമ്പോൾ, പിതാവായ ദൈവവുമായി ഞങ്ങളെ നിരപ്പിച്ച അവിടുത്തെ കൃപയും കരുണയും ഞങ്ങളിൽ ചൊരിയേണമെന്ന് അപേക്ഷിക്കുന്നു!

പരിശുദ്ധാത്മാവാം ദൈവമേ, ഞങ്ങൾ ആരാധിക്കുമ്പോൾ ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും ആത്മാവിനെ ലോകത്തിലേയ്ക്ക് പകരുന്നതിനുള്ള ഉത്തേജനം ഞങ്ങളിൽ നിറയ്ക്കണമെന്ന് അങ്ങയോടപേക്ഷിക്കുന്നു!

ക്രിസ്തുയേശുവിൽ പ്രിയ സഹോദരങ്ങളേ, സി. എസ്. ഐ. സഭയിലൂടെ പൂർണ്ണതയുള്ള ജീവൻ പ്രാപിക്കാനും സമാധാനം അനുഭവിയ്ക്കാനും കൂട്ടായ്മ ആചരിക്കാനും ത്രിയേക ദൈവത്തിന്റെ നാമത്തിൽ നാം ഇവിടെ കൂടി വന്നിരിക്കുന്നു. ക്രിസ്തുവിന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും വേർപാടിന്റെ നടുചുവർ ഇടിച്ചു കളഞ്ഞ് സ്രഷ്ടാവാം ദൈവത്തോട് നമ്മെ നിരപ്പിക്കുകയും, അനുരഞ്ജനത്തിന്റെ ഈ ശുശ്രൂഷ തുടരുവാൻ നമ്മെ ഏല്പിച്ചിരിക്കുകയും ചെയ്ത ദൈവം, നമ്മുടെ ഈ തീർത്ഥയാത്രയിൽ നമ്മിൽ വന്നുപോയ കടങ്ങളെ ക്ഷമിച്ചതുപോലെ അന്യോന്യം നമുക്കും ക്ഷമിക്കാം.

**ജന: ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും ദൈവമേ അവിടുത്തെ സ്നേഹത്തിന്റെ ചാലകങ്ങളായി വർത്തിക്കുവാനും പരസ്പരം സ്നേഹത്തിന്റെ ഐക്യതയിൽ വസിപ്പാനും ഞങ്ങളെ പ്രാപ്തരാക്കേണമെന്ന് ക്രിസ്തു മുഖാന്തിരം അപേക്ഷിക്കുന്നു- ആമേൻ**

**ഗീതം/ കീർത്തനം:**

**പ്രാരംഭ പ്രാർത്ഥന**

**ശുശ്രൂ:** ഏകജാതനായ പുത്രനെ ഞങ്ങളുടെ മദ്ധ്യേ അയച്ച ഞങ്ങളുടെ സ്രഷ്ടാവാം ദൈവമേ, ജീവൻ എന്ന വിശിഷ്ടമായ സമ്മാനം ഞങ്ങൾക്ക് നൽകുവാൻ അവിടുത്തേയ്ക്ക് ഇഷ്ടം തോന്നിയതിനായി ഞങ്ങൾ നന്ദി കരേറ്റുന്നു. അവിടുത്തെ കരുണയും ക്ഷമയും വ്യക്തിപരമായും സാമൂഹികമായും ഞങ്ങൾ അനുഭവിക്കേണ്ടതിനു അങ്ങ് സദാ ഞങ്ങളുടെ സഹയാത്രികനായിരിക്കുന്നതിനാൽ സ്തോത്രം കരേറ്റുന്നു. തിന്മ നിറഞ്ഞ ഈ ലോകത്തിൽ അവിടുന്നു ഞങ്ങൾക്ക് നൽകുന്ന ക്ഷമ മറ്റുള്ളവരിലേയ്ക്കും പകരുന്ന അങ്ങയുടെ കൂട്ടു വേലക്കാരായി ഞങ്ങളെ ദിനം തോറും ബലപ്പെടുത്തേണമേ. ക്രിസ്തുവേ, അവിടുന്നു ഞങ്ങളെ ഏല്പിച്ച അനുരഞ്ജനത്തിന്റെ ശുശ്രൂഷ നിർവഹിക്കുന്നതിന് പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കുകയും പ്രാപ്തരാക്കുകയും ചെയ്യേണമേ – ആമേൻ

**ദക്ഷിണേന്ത്യ സഭയ്ക്കായുള്ള നന്ദി പ്രാർത്ഥന**

**ശുശ്രൂ:** ജീവന്റെ ഉറവയായി തലമുറകളായി ഞങ്ങളെ നടത്തുന്ന ദൈവമേ, കഴിഞ്ഞ 70 വർഷങ്ങളായി ദക്ഷിണേന്ത്യ സഭയെ നടത്തുന്ന അങ്ങയുടെ ദയയും വിശ്വസ്തതയും ഓർത്ത് ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. സിനഡിന്റെ ഓരോ യോഗങ്ങളിലൂടെയും അവിടുന്നു ഞങ്ങളെ ഏല്പിച്ച ദൗത്യത്തിൽ മുന്നേറുവാനുള്ള വഴി കാട്ടുന്നതിനായി നന്ദിയർപ്പിക്കുന്നു.

1948 മാർച്ചിലും, 1950 ജനുവരിയിലും 1952 ജനുവരിയിലും ദക്ഷിണേന്ത്യ സഭയെ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ശുശ്രൂഷയുടെ ആദ്യ പാദങ്ങൾ ഉറപ്പിക്കുവാൻ അവിടുത്തേയ്ക്ക് ഹിതമായതിനായി നന്ദിയർപ്പിക്കുന്നു.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**ശുശ്രൂ:** 1954 ജനുവരിയിൽ, മദ്രാസിൽ ഭാരതത്തിലെ സഭയ്ക്കായി ഒരു പുതിയ സംവിധാനം ഉരുവാകുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാൻ അവിടുന്നു ഇടയാക്കി. 1956 ജനുവരിയിൽ തിരുച്ചിറപ്പള്ളിയിലും 1958 ജനുവരിയിൽ നാഗർകോവിലിലും സുവിശേഷീകരണദൗത്യം പ്രഥമ പരിഗണനയായി ഭാരതീയ ഐക്യസഭയായി ഒരുമിച്ചു വളരാനുള്ള ഉത്തേജനം അവിടുന്നു ഞങ്ങളുടെ പിതാക്കന്മാർക്ക് നൽകിയതിനായി നന്ദിയർപ്പിക്കുന്നു.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**ശുശ്രൂ:** 1960 ജനുവരിയിൽ ബാംഗ്ലൂരിൽ, യേശുക്രിസ്തു ലോകത്തിന്റെ സത്യ വെളിച്ചം എന്നു തിരിച്ചറിയാനും 1962 ജനുവരിയിൽ പാളയംകോട്ടയിലും 1964ൽ സെക്കന്തരാബാദിലും, സമൂഹത്തോടുള്ള സഭയുടെ പ്രതിബദ്ധത മനസ്സിലാക്കാനും ഇടയാക്കി.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**ശുശ്രൂ:** 1966 ജനുവരിയിൽ കോട്ടയത്ത്, അങ്ങയുടെ വഴി ഒരുക്കുവാനുള്ളവരാണ് ഞങ്ങൾ എന്ന് അവിടുന്ന് ഞങ്ങളെ ഓർമ്മിപ്പിച്ചു. 1968 ജനുവരിയിൽ കോയമ്പത്തൂരിൽ, ഞങ്ങളുടെ സഭകളുടെ ചുറ്റുവട്ടത്തുള്ള വയലേലകളിൽ പ്രവർത്തിക്കാനും 1970ൽ താംബരത്ത്, ദാസ രൂപം ധരിച്ച ദൈവത്തിന്റെ ദാസരായിരിക്കുവാനും അവിടുന്ന് ഞങ്ങളെ ഓർമ്മിപ്പിച്ചു.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**ശുശ്രൂ:** 1972 ജനുവരിയിൽ വീണ്ടും താംബരത്ത് ഒരുമിച്ചു കൂടുവാനും, യേശു ക്രിസ്തു ലോകത്തിന്റെ രക്ഷകൻ എന്ന് ചിന്തിക്കുവാനും 1974 ൽ മദ്രാസിൽ, നീതിപൂർണ്ണമായ ഒരു സമൂഹ നിർമ്മിതിക്കായുള്ള പ്രയത്നത്തിൽ സഭയ്ക്ക് വലിയ പങ്ക് വഹിക്കാൻ കഴിയും എന്ന് ബോധ്യപ്പെടുവാനും 1976 ജനുവരിയിൽ തിരുച്ചിറപ്പള്ളിയിൽ, യേശു സ്വതന്ത്രമാക്കുകയും കൂട്ടിയോജിപ്പിക്കുകയും ചെയ്യുന്നവൻ എന്നു ചിന്തിക്കുവാനും ഇടയാക്കി.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**ശുശ്രൂ:** 1978 ജനുവരിയിൽ കോട്ടയത്ത്, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സഭ നയിക്കപ്പെടുന്നു എന്നു ചിന്തിക്കാനും 1980 ജനുവരിയിൽ “നിന്റെ രാജ്യം വരേണമെ” എന്നു മദ്രാസിൽ ഒരുമിച്ചു കൂടി പ്രാർത്ഥിക്കാനും 1982 ജനുവരിയിൽ വെല്ലൂരിൽ കൂടി “യേശു ക്രിസ്തു; ലോകത്തിന്റെ ജീവൻ” എന്നു ചിന്തിക്കാനും കഴിഞ്ഞു.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**ശുശ്രൂ:** 1984 ജനുവരിയിൽ സെക്കന്തരാബാദിൽ, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയിൽ വസിക്കാൻ അവിടുന്നു ഞങ്ങളെ പ്രചോദിപ്പിച്ചു. 1986 ജനുവരിയിൽ തിരുവനന്തപുരത്ത്, ക്രിസ്തു കാട്ടിയ പാതയിലെ ദൗത്യത്തെ കുറിച്ച് ചിന്തിക്കാനും 1988 മധുരയിൽ, ലോകത്തിൽ ശുശ്രൂഷക്കാരായി ജനത്തെ ഒരുക്കാനും അങ്ങ് ഞങ്ങളെ പഠിപ്പിച്ചു.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**ശുശ്രൂ:** 1990 ജനുവരിയിൽ ധാർവാഡിൽ, സകല സൃഷ്ടികളെയും പുതുക്കുവാൻ പരിശുദ്ധാത്മാവിനെ സ്വാഗതം ചെയ്യണം എന്ന് അങ്ങ് ഞങ്ങളെ ഓർമ്മിപ്പിച്ചു. 1992 ജനുവരിയിൽ തിരുനെൽവേലിയിൽ, സർവ്വസൃഷ്ടിയോടും സദ്വാർത്ത ഘോഷിക്കാൻ ഞങ്ങളെ പ്രോത്സാഹിപ്പിച്ചു. 1994 ജനുവരിയിൽ തിരുച്ചിറപ്പള്ളിയിൽ, ബഹുമത, മതേതര സമൂഹത്തിലെ സഭയെയും സഭയുടെ ദൗത്യത്തെയും കുറിച്ച് ചിന്തിക്കാൻ അവസരം നൽകി.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**ശുശ്രൂ:** 1996 ജനുവരിയിൽ കോയമ്പത്തൂരിൽ, പങ്കു വയ്ക്കലിലൂടെ പരസ്പരം വളരുന്നത് അവശ്യമാണെന്നും 1998 ജനുവരിയിൽ റായലസീമയിൽ, അങ്ങയിലേയ്ക്ക് തിരിഞ്ഞ് പ്രത്യാശയിൽ ആനന്ദിക്കണമെന്നും 2000 ജനുവരിയിൽ സെക്കന്തരാബാദിൽ, ക്രൂശ്-പ്രത്യാശയുടെ തുടരുന്ന ചിഹ്നം എന്നും ഞങ്ങളെ ഓർമ്മിപ്പിച്ചു.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**ശുശ്രൂ:** 2002 ജനുവരിയിൽ മേലുകാവുമറ്റത്ത്, സ്നേഹത്തിന്റെ ചാലകങ്ങൾ ആക്കി ഞങ്ങളെ മാറ്റേണമേ എന്നു അങ്ങയോട് യാചിക്കുവാൻ അവസരം നൽകി, 2004 ൽ ബാംഗ്ലൂരിൽ, ക്രിസ്തുവിലൂടെ ഏവർക്കും ലഭ്യമാകുന്ന ജീവന്റെ പൂർണ്ണതയെ കുറിച്ചും 2006 ൽ മൈസൂരിൽ, രൂപാന്തരം നല്കുന്ന ദൈവാനുഭവത്തെക്കുറിച്ചും അവിടുന്ന് ഞങ്ങളെ പ്രചോദിപ്പിച്ചു.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**ശുശ്രൂ:** 2008 ജനുവരിയിൽ വിശാഖപട്ടണത്ത്, ക്രിസ്തുവിൽ സന്തോഷിച്ച് പ്രത്യാശയുടെ സമൂഹം പണിയാൻ ഞങ്ങളെ വിളിച്ചു. 2010 ൽ കുറ്റാലത്ത്, യേശു ക്രിസ്തു അനുരഞ്ജിപ്പിക്കുന്നവൻ എന്നു ഓർക്കുവാനും 2012 ൽ കന്യാകുമാരിയിൽ, അങ്ങു സൃഷ്ടിച്ച ഈ ലോകത്തിൽ ഒരുമയുള്ളവരായിരിക്കാൻ ഞങ്ങളെ വിളിക്കുകയും 2014 ജനുവരിയിൽ വിജയവാഡയിൽ, സമാധാനം നല്കുന്ന നീതിമാനായ ദൈവത്തിങ്കലേയ്ക്ക് കണ്ണുയർത്തുവാൻ പ്രബോധിപ്പിക്കുകയും 2017 ജനുവരിയിൽ കോട്ടയത്ത്, ക്രിസ്തു സമൂഹങ്ങൾ പണിയുന്നതിലൂടെ അതിർ വരമ്പുകൾ ഇല്ലാത്ത സഭയായി മാറുവാനുള്ള പ്രതിജ്ഞ കൈകൊള്ളാനും ഇടയാക്കിയതിനായി നന്ദി അർപ്പിക്കുന്നു.

**ചേർന്ന് പാടാം: ഹാലേലൂയ ഹാലേലൂയ ഹാലേലൂയ ആമേൻ**

**അൻപു തിങ്ങീടും നൽ അനന്ത പിതാവേ — ഹാലേലൂയ...**
**കൃപ നിറഞ്ഞീടും നൽ ക്രിസ്തു കർത്താവേ — ഹാലേലൂയ...**
**വിശുദ്ധി നൽകീടും നൽ പരിശുദ്ധാത്മാവേ — ഹാലേലൂയ...**
**താത ശുദ്ധാത്മാവാം ദൈവ ത്രീയേകാ — ഹാലേലൂയ...**

ജന: **മുൻ കാലത്തിൽ ഞങ്ങളെ നടത്തിയ അങ്ങയുടെ വിശ്വസ്തതയ്ക്കായി ഞങ്ങൾ നന്ദി കരേറ്റുന്നു. അങ്ങയുടെ വിശ്വസ്തതയിൽ ആശ്രയം അർപ്പിക്കുന്ന ദക്ഷിണേന്ത്യ സഭയെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് അപേക്ഷിക്കുന്നു. അങ്ങയുടെ വചനം ശ്രവിക്കുന്നതിനു ഞങ്ങളുടെ കാതുകളെയും; മറ്റുള്ളവരിൽ അങ്ങയുടെ രൂപം ദർശിക്കുന്നതിനായി ഞങ്ങളുടെ കണ്ണുകളെയും; ക്ഷമ ചോദിക്കുന്നതിനും അനുരഞ്ജനത്തിലേയ്ക്ക് നയിക്കപ്പെടുന്നതിനുമായി ഞങ്ങളുടെ ഹൃദയങ്ങളെയും തുറന്നു നൽകണമെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.**
**– ആമേൻ**

**പാപ സ്വീകാരം**

പ്രിയ സഹോദരീ സഹോദരന്മാരേ, നാം പലപ്പോഴും ദൈവ സാനിധ്യം തിരിച്ചറിയാതെ ജീവിതം മുന്നോട്ടു കൊണ്ടു പോയവരും ക്രിസ്തുവിനെ സാക്ഷിക്കുന്നതിനു നമ്മെ ഏല്പിച്ച ദൗത്യം നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയവരും ആണ്. എന്നാൽ ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നതെന്തെന്നാൽ:

"മടിശ്ശീലയിൽ പൊന്നും വെള്ളിയും ചെമ്പും വഴിക്കു പൊക്കണവും രണ്ടു ഉടുപ്പും ചെരിപ്പും വടിയും കരുതരുതു"

ജന: **ദൈവമേ, അങ്ങയുടെ സാക്ഷികൾ ആയി ജീവിക്കാൻ ഞങ്ങളെ വിളിച്ചുവല്ലോ, എന്നാൽ അവിടുന്നു ഞങ്ങളെ ഏല്പിച്ച ദൗത്യത്തിനു പ്രാധാന്യം കൊടുക്കാതെ ഞങ്ങളുടെ ആവശ്യങ്ങൾ എപ്പോൾ നിറവേറ്റപ്പെടുമെന്നു ഞങ്ങൾ ചിന്താകുലരായിരുന്നു. ഞങ്ങളോടു ക്ഷമിക്കേണമേ.**

**ശുശ്രൂ:** "രണ്ടു വസ്ത്രമുള്ളവൻ ഇല്ലാത്തവനു കൊടുക്കട്ടെ; ഭക്ഷണ സാധനങ്ങൾ ഉള്ളവനും അങ്ങനെ തന്നെ ചെയ്യട്ടെ" വിശക്കുന്നവനു ആഹാരം കൊടുക്കുവാനും, അലയുന്നവനു അഭയം നൽകുവാനും, നഗ്നനെ കണ്ടാൽ ഉടുപ്പിക്കുവാനും അങ്ങനെ സ്വാർത്ഥതയില്ലാത്തവരായിരിക്കുവാനും ദൈവം നമ്മോട് ആവശ്യപ്പെടുന്നു.

**ജന: ദൈവമേ, അങ്ങയുടെ സാക്ഷികളായിരിക്കുവാൻ അവിടുന്നു ഞങ്ങളെ വിളിച്ചു. എന്നാൽ സാമൂഹിക-സാംസ്കാരിക അതിർ വരമ്പുകൾ കാരണം ഞങ്ങൾ പരസ്പരം ഭിന്നിച്ചു നിന്നു. ജാതീയ ചിന്തകൾ ഞങ്ങളെ വൈരികളാക്കി. വ്യത്യസ്തമായ താലന്തുകൾ ഉള്ളവരാണു ഞങ്ങൾ എന്നു തിരിച്ചറിയുവാൻ ഞങ്ങൾക്ക് കഴിയാതെ പോയി. അങ്ങ് നൽകിയ കൃപയ്ക്കൊത്തവണ്ണം ജീവിച്ച് മറ്റുള്ളവരുടെ ശുശ്രൂഷകൾക്ക് താങ്ങായിരിപ്പാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. നാഥാ, ഞങ്ങൾ ജീവിക്കുന്ന ഈ ലോകത്തിൽ അനേകർ അങ്ങയുടെ സ്നേഹത്തെക്കുറിച്ച് മനസ്സിലാക്കുവാൻ ശേഷിക്കുന്നു. ഇരുളടഞ്ഞ അനേകം ജീവിതങ്ങൾക്ക് വെളിച്ചം ആവശ്യമാണ്. സ്നേഹവും കരുണയും കരുതലും ആവശ്യമാണ്. അവരോടു പങ്കു വയ്ക്കുന്നതിനായി ഞങ്ങളുടെ പക്കൽ പ്രത്യാശയുടെ വചനത്തെ അങ്ങ് നൽകിയിരിക്കുന്നു.**

**ദൈവമേ, അനീതിയുടെ മുന്നിലെ ഞങ്ങളുടെ നിശബ്ദതയെ അവിടുന്നു ക്ഷമിക്കേണമേ. അയൽകാരന്റെ വേദനയിൽ ആശ്വാസം പകരാത്ത ഞങ്ങളുടെ മൗനത്തെ അവിടുന്നു ക്ഷമിക്കേണമേ. മറ്റുള്ളവർക്ക് പ്രത്യാശ പകരാതെ ജീവിച്ചതിനെ അവിടുന്നു ക്ഷമിക്കേണമേ. എല്ലാവർക്കും പകരം ചിലരെ മാത്രം ഞങ്ങൾ സ്നേഹിച്ചു. എപ്പോഴും സ്നേഹം പകരേണ്ടതിനു പകരം ചിലപ്പോൾ മാത്രം ഞങ്ങൾ സനേഹിക്കുന്നവരായിരുന്നു. ഞങ്ങളോടു ക്ഷമിക്കേണമേ. അങ്ങയിൽ നിന്നുള്ള ക്ഷമ ഞങ്ങൾ അർഹിക്കുന്നില്ല എങ്കിലും മനം തിരിയുന്നവരോടു ക്ഷമിക്കാം എന്ന് അവിടുന്നു ഞങ്ങൾക്ക് വാഗ്ദത്തം തന്നിരിക്കയാൽ ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ഞങ്ങൾ ഇപ്പോഴും ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും തീർത്ഥയാത്രയിൽ ആയിരുന്നു. ആകയാൽ ഞങ്ങളോട് കരുണയണ്ടായി ഞങ്ങളുടെ കുറവുകളെ ക്ഷമിക്കേണമേ. – ആമേൻ**

**പാപക്ഷമ പ്രഖ്യാപനം**

**ശുശ്രൂ:** യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നുമുതൽ എന്നേയ്ക്കും പരിപാലിക്കും (സങ്കീ:121:8)

ഇപ്പോഴോ നീ എന്റെ കാലടികളെ എണ്ണുന്നു: എന്റെ പാപത്തിന്മേൽ നീ ദൃഷ്ടി വെക്കുന്നില്ലയോ (ഇയ്യോ: 14:16)

വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേയ്ക്കു, യാക്കോബിന്റെ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. (യെശ: 2:3)

ദൈവം നമ്മുടെ യാത്രയെ അറിയുന്നു. നമ്മുടെ വഴികളെ അവൻ കാണുന്നു, പാപത്തിന്റെ തഴമ്പു വീണ നമ്മുടെ പാദങ്ങളെ കഴുകി വൃത്തിയാക്കാൻ അവിടുന്നു സന്നദ്ധനാണ്. തന്റെ സ്നേഹത്താൽ അവിടുന്നു നമ്മെ വീണ്ടും നിറയ്ക്കും. നമ്മുടെ കണ്ണുകൾ അതു പ്രതിഫലിപ്പിക്കട്ടെ, അധരങ്ങൾ അതിനെ വർണ്ണിക്കട്ടെ, ജീവിതം അതിനെ പ്രസ്താവിക്കട്ടെ. നമ്മുടെ സ്നേഹിതനും, കർത്താവും, രക്ഷിതാവും, ജീവനുമായ യേശു ക്രിസ്തു മുഖാന്തിരം അപേക്ഷിക്കുന്നു – ആമേൻ

**പ്രത്യേക അപേക്ഷ**

സഭയുടെ തീർത്ഥയാത്രയിൽ സഹയാത്രികനായിരിക്കുന്ന ദൈവമേ, കഴിഞ്ഞ 70 വർഷക്കാലം ദക്ഷിണേന്ത്യാ സഭയെ തന്റെ സാന്നിദ്ധ്യത്താലും സഹവാസത്താലും അനസ്യൂതമായ കൃപയാലും പരിപാലിച്ചുവല്ലോ! സ്നേഹമില്ലാത്തിടങ്ങളിൽ സ്നേഹം നൽകുവാനും തള്ളപ്പെട്ടവരെ കരുണയോടെ താങ്ങുവാനും വിഭാഗീയതകളെ ഇല്ലാതാക്കുവാനും ചൂഷണപരമായ ഘടനകളെ സമൂലം രൂപാന്തരപ്പെടുത്തുവാനും പാർശ്വവത്ക്കരിക്കപ്പെട്ടവരെ ശക്തീകരിക്കുവാനും സർവ്വസൃഷ്ടികളുടെയും സമഗ്രതയ്ക്കും നീതിക്കും സമാധാനത്തിനും വേണ്ടി യത്നിക്കുവാനും അവിടുത്തെ അളവറ്റ കൃപ നൽകണമെന്ന് ക്ഷമിക്കുകയും അനുരജ്ഞനപ്പെടുത്തുകയും ചെയ്യുന്ന യേശുക്രിസ്തു മുഖാന്തിരം അപേക്ഷിക്കുന്നു – ആമേൻ

**ദൈവവചനശുശ്രൂഷ**

**പഴയ നിയമം** : ഉല്പത്തി: 33:1–20
**സങ്കീർത്തനം** : 85
**ലേഖനം** : 2 കൊരിന്ത്യർ: 5:11–21
**സുവിശേഷം** : യോഹന്നാൻ :8:1–11

**ഗീതം/ കീർത്തനം:**

**വചന ശുശ്രൂഷ**

**ചിന്താവിഷയം:** *ക്ഷമയിലേയ്ക്കും അനുരഞ്ജനത്തിലേയ്ക്കുമുള്ള തീർത്ഥയാത്ര*

**വിശ്വാസ പ്രഖ്യാപനം**

**അപ്പോസ്തല വിശ്വാസ പ്രമാണം**

സർവ്വശക്തിയുള്ള പിതാവായി, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചവനുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു

ദൈവത്തിന്റെ ഏക പുത്രനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു; അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകമറിയയിൽ ഉല്പാദിപ്പിക്കപ്പെട്ടു ജനിച്ചു, പൊന്തിയോസ് പീലാത്തോസിന്റെ കീഴിൽ കഷ്ടപ്പെട്ടു, കുരിശിൽ തറയ്ക്കപ്പെട്ടു, മരിച്ചു, അടക്കപ്പെട്ടു; അവിടുന്ന് പാതാളത്തിലേക്ക് ഇറങ്ങി. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു; അവിടുന്ന് സ്വർഗ്ഗത്തിലേയ്ക്കു കയറി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരിക്കുന്നു; അവിടെ നിന്നു ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ വരികയും ചെയ്യും.

പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു; വിശുദ്ധ കാതോലിക സഭയിലും, വിശുദ്ധന്മാരുടെ സംസർഗ്ഗത്തിലും, പാപമോചനത്തിലും, ശരീരത്തിന്റെ പുനരുത്ഥാനത്തിലും, നിത്യ ജീവനിലും ഞാൻ വിശ്വസിക്കുന്നു - ആമേൻ

**അറിയിപ്പ്**

**സ്തോത്ര കാഴ്ച**

**ഗീതം/ കീർത്തനം:**

**മദ്ധ്യസ്ഥ പ്രാർത്ഥന**

**ശുശ്രൂ:** ഭാരതത്തിൽ സാക്ഷ്യത്തോടെയുള്ള തീർത്ഥയാത്രയിൽ 70 വർഷം പൂർത്തിയാക്കുന്ന ദക്ഷിണേന്ത്യ സഭയ്ക്കായി, 70 വർഷത്തെ സ്വതന്ത്ര ഭാരതത്തിനായും രാഷ്ട്ര നിർമ്മാണത്തിൽ സഭയ്ക്കു വഹിക്കുവാൻ കഴിഞ്ഞ പങ്കിനെ കുറിച്ച് ഓർത്തും ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ രാഷ്ട്രപതിക്കായും പ്രധാനമന്ത്രിക്കായും ഗവർണ്ണർമാർക്കായും മുഖ്യമന്ത്രിമാർക്കായും, അവരുടെ കീഴിൽ വരുന്ന എല്ലാ ഭരണാധിപന്മാർക്കായും ഉദ്യോഗസ്ഥർക്കായും അവർ കൈകൊള്ളുന്ന തീരുമാനങ്ങൾ ലോകത്തിന്റെ ഭാവിക്ക് നല്ലതായിരിക്കുവാനും സമാധാനം പുലർത്തുന്നതായിരിക്കുവാനും ദൈവം അവരെ അനുഗ്രഹിക്കേണ്ടതിനും സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും ആശയങ്ങൾ ഉരുത്തിരിയുന്നതിനായും മതേതരത്തത്തിലും ജനാധിപത്യത്തിലും അധിഷ്ഠിതമായ ഒരു നല്ല സമൂഹത്തിൽ ദൈവ രാജ്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച്, ഒരുമിച്ചുള്ള തീർത്ഥാടനത്തിനായി നമുക്കു പ്രാർത്ഥിക്കാം.

**ജന: ഉത്തരവാദിത്വപൂർണ്ണമായ പൗരത്വത്തിലേയ്ക്കുള്ള തീർത്ഥാടനത്തിനായി ഞങ്ങളെ നയിക്കുകയും ഞങ്ങളുടെ മധ്യേ വസിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു.**

**ശുശ്രൂ:** ഞങ്ങളുടെ തീർത്ഥാടനത്തിൽ അവിടുന്നു ഞങ്ങൾക്ക് നൽകിയിരിക്കുന്ന കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കുന്നു. അങ്ങയുടെ രാജ്യത്തിന്റെ പൗരന്മാരായി അങ്ങ് അവരെ മാറ്റിയിരിക്കുകയും അവരെ പോലെ ആകാത്തവർ അങ്ങയുടെ രാജ്യത്തിന്റെ പൗരന്മാരാകുകയില്ലെന്ന് അങ്ങ് അരുളി ചെയ്തിരിക്കുന്നുവല്ലോ. ബാലവേല, നീതി നിഷേധം, പീഡനം മുതലായവയിലൂടെ ജീവൻ തന്നെ ഭീഷണിയിൽ ആയിരിക്കുന്ന കുഞ്ഞുങ്ങൾക്കായി ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു. ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾക്കായും കുടുംബത്തിലും, വിദ്യാലയത്തിലും, സഭയിലും, സമൂഹത്തിലും സുരക്ഷിതസ്ഥാനം കാംക്ഷിക്കുന്ന കുഞ്ഞുങ്ങളേയും ഞങ്ങൾ സമർപ്പിക്കുന്നു. മാന്യതയും ബഹുമാനവും കുഞ്ഞുങ്ങൾക്ക് നല്കുക വഴി ദൈവരാജ്യത്തിന്റെ അനുഭവം ഞങ്ങൾ ദർശിക്കാൻ അങ്ങ് കൃപ ചെയ്യേണം. അങ്ങ് അവരിൽ നൽകിയിരിക്കുന്ന കഴിവുകളെ തിരിച്ചറിയേണ്ടതിനും പീഡനങ്ങളിൽ നിന്നും തഴയപ്പെടലിൽ നിന്നും അറിവില്ലായ്മയിൽ നിന്നും അവരെ വീണ്ടെടുക്കുവാനും ഞങ്ങളെ സഹായിക്കേണമേ.

**ജന: ശിശു കേന്ദ്രിതമായ ഒരു നല്ല സമൂഹത്തിലേയ്ക്കുള്ള തീർത്ഥയാത്രയിൽ അങ്ങ് ഞങ്ങളുടെ മദ്ധ്യേ വസിക്കേണമേ**

**ശുശ്രൂ:** നിശബ്ദരാക്കപ്പെടുന്ന വനിതകൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. മാന്യത ലഭ്യമാകാത്ത, പരിഹസിക്കപ്പെടുന്ന, പലവിധ പീഡനങ്ങൾക്ക് വിധേയമാക്കപ്പെടുന്ന, ഉപദ്രവിക്കപ്പെടുന്ന, തങ്ങളുടെ ജീവിതത്തെ കുറിച്ച് പുറത്ത് പറയുവാൻ പോലും കഴിയാത്ത, നീറി ജീവിക്കുന്ന സഹോദരിമാർ; അവർക്ക് വേണ്ടി സംസാരിക്കാത്ത അവരെ സംരക്ഷിക്കാത്ത ഞങ്ങളോട് അങ്ങ് ക്ഷമിക്കണമേ. അന്യയായിരുന്ന ശമര്യസ്ത്രീയെ സുവാർത്താവാഹിയായി രൂപാന്തരപ്പെടുത്തിയ ദൈവമേ, ഭയം കൂടാതെ സ്ത്രീകൾക്ക് നടക്കുവാൻ കഴിയുന്ന, ദൈവരാജ്യ നിർമ്മിതിയിൽ സ്ത്രീ പുരുഷന്മാർ ഒരുമിച്ചു പങ്കാളികൾ ആയി അങ്ങയെ മഹത്വപ്പെടുത്തുന്ന, നീതിയുള്ള, ഒരു തീർത്ഥാടനമായി ഞങ്ങളുടെ സമൂഹത്തെ രൂപാന്തരപ്പെടുത്തണമെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

**ജന: ലിംഗ വിവേചനമില്ലാത്ത ഒരു നല്ല തീർത്ഥാടനത്തിലേയ്ക്ക് ഞങ്ങൾ നയിക്കപ്പെടുവാൻ അവിടുന്ന് ഞങ്ങളുടെ മദ്ധ്യേ വസിക്കേണമേ.**

**ശുശ്രൂ:** അങ്ങയുടെ കൃപയുടേയും ജ്ഞാനത്തിന്റെയും അടയാളങ്ങളായി ഞങ്ങളുടെ തീർത്ഥാടനത്തിലെ വയോധികർക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരുടെ പ്രാപ്തിക്കുറവിനെയും സ്നേഹിക്കപ്പെടാനും ആദരിക്കപ്പെടാനും ശുശ്രൂഷിക്കപ്പെടാനുമുള്ള അവരുടെ ആഗ്രഹത്തെയും ഞങ്ങൾ അറിയുന്നു. പലവിധമായ രോഗങ്ങൾ ബാധിക്കപ്പെട്ട് കഷ്ടപ്പെടുന്നവരെയും നിരാശ്രയരായവരേയും തെരുവിൽ ആക്കപ്പെട്ടവരേയും ഞങ്ങൾ ഓർക്കുന്നു. എന്റെ ശക്തി ബലഹീനതിൽ തികഞ്ഞു വരുന്നു എന്ന അങ്ങയുടെ വാഗ്ദത്തത്തെ ഞങ്ങൾ ഓർക്കുന്നു. ഒരു വയോധികനെ പെട്ടകം ഉണ്ടാക്കാൻ തെരഞ്ഞെടുത്തു മാനവരാശിയെ നശിച്ചു പോകാതെ നിലനിർത്തിയ ദൈവമേ, വൃദ്ധ ദമ്പതികളായ അബ്രഹാമിനും സാറയ്ക്കും തലമുറയെ പ്രദാനം ചെയ്ത് യിസ്രായേൽ എന്ന പേരു പോലും സ്ഥാപിച്ച അങ്ങ് വാർദ്ധകൃത്തിലേയ്ക്ക് അടുത്ത മോശയെ യിസ്രായേൽ ജനതയുടെ രക്ഷയ്ക്കായി നിയോഗിക്കുകയും പ്രാപ്തനാക്കുകയും ചെയ്തു. ദൈവമേ, വാർദ്ധകൃത്തിൽ ആയിരിക്കുന്നവരെ ചെന്നു കണ്ട് അവരുടെ ഏകാന്തത മാറ്റുവാനും കരുണയോടെ അവരോട് ഇടപെടുവാനും അവരെ കേൾക്കുവാനും അവരെ ചേർക്കുവാനും അവർക്കു വേണ്ടി കരുതുവാനും ഞങ്ങളെ സഹായിക്കേണമേ.

**ജന: മുതിർന്നവരെ ആദരിച്ച്, തീർത്ഥയാത്രയിൽ കൂടെ കൂട്ടുവാൻ തക്കവണ്ണം ഞങ്ങളുടെ മദ്ധ്യേ അങ്ങ് വസിക്കേണമേ.**

**ശുശ്രൂ:** സ്നേഹവാനായ ദൈവമേ, യേശുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചിരിക്കുന്ന യുവജനങ്ങൾക്കായി അങ്ങയോട് പ്രാർത്ഥിക്കുന്നു. സുവിശേഷത്തിനായി നിലകൊള്ളുവാൻ അവർ വിശ്വാസത്തിൽ വളർന്ന് ബലപ്പെടേണ്ടതുണ്ടല്ലോ. അങ്ങയോടുള്ള ഭക്തിയിലും താഴ്മയിലും അവർ ജീവിക്കാനും പരിശുദ്ധാത്മാവിൽ സത്യത്തിൽ നടക്കുവാനും അങ്ങയിലുള്ള ഭക്തി ജ്ഞാനത്തിന്റെ ആരംഭമാണെന്ന് തിരിച്ചറിയുവാനും അവരെ പ്രാപ്തരാക്കേണമേ. അവരുടെ ജീവിതത്തിനു ഇടർച്ചയാകുന്നവയിൽ നിന്നും അവരെ വിലക്കി കാക്കേണമെ. തികഞ്ഞ യൗവനത്തിൽ സ്വന്തം ജീവനെ തന്ന യേശുവിനെ മാതൃകയാക്കി ജീവിക്കാൻ അങ്ങ് കൃപ അരുളേണമേ.

**ജന: യേശുവിന്റെ ശിഷ്യത്വത്തിലേയ്ക്കുള്ള തീർത്ഥാടനത്തിൽ അങ്ങ് ഞങ്ങളുടെ മദ്ധ്യേ വസിക്കേണമേ**

**ശുശ്രൂ:** കർത്താവായ ദൈവമേ, അഞ്ച് അപ്പത്തേയും രണ്ടു മീനിനേയും അങ്ങ് വാഴ്ത്തിയപ്പോൾ എല്ലാവരുടേയും പൈദാഹങ്ങൾ മാറിയല്ലോ. ശിഷ്യന്മാരുടെ ആശങ്കകളും ഭയവും അങ്ങ് നീക്കി, അവരോട് മനസലിഞ്ഞ് സ്നേഹവും സഹാനുഭൂതിയും അവിടുന്ന് പ്രകടമാക്കി. അഭയാർത്ഥികളായി ദുരിതം അനുഭവിക്കുന്ന ഞങ്ങളുടെ സഹോദരങ്ങൾക്കായി പ്രാർത്ഥിക്കുന്നു. യുദ്ധത്താലും മറ്റ് ബുദ്ധിമുട്ടുകളാലും സ്വന്ത സ്ഥലം വിട്ടു പാലായനം ചെയ്യേണ്ടി വന്നവർ. അവരെയും സ്വീകരിക്കാനും, അവർക്ക് വേണ്ടി കരുതാനും, അവരുമായി നന്മ പങ്കിടുവാനും അങ്ങനെ അങ്ങയുടെ സമാധാനവും നീതിയും സ്നേഹവും ഞങ്ങളും പ്രകടമാക്കുവാൻ അങ്ങ് സഹായിക്കേണമേ.

**ജന: സമത്വ സുന്ദരമായ ഒരു സമൂഹത്തിലേക്കുള്ള തീർത്ഥയാത്രയിൽ അവിടുന്നു ഞങ്ങളുടെ മദ്ധ്യേ വസിക്കേണമേ.**

**ശുശ്രൂ:** നല്ല ദൈവമേ ഞങ്ങളുടെ തീർത്ഥാടനത്തിൽ മർത്തോമാ സഭ, ഉത്തരേന്ത്യ സഭ, ബിഷപ്പുമാർ, ഔദ്യോഗിക ഭാരവാഹികൾ, സഭ പ്രവർത്തകർ, വിശ്വാസികൾ, അഖില ലോക സഭ കൗൺസിൽ, തുടങ്ങിയ സഹോദരീസഭകളേയും സഭൈക്യ പ്രസ്ഥാനങ്ങളേയും ഓർമ്മിച്ചു പ്രാർത്ഥിക്കുന്നു. ദക്ഷിണേന്ത്യ സഭയുടെ ബിഷപ്പുമാർ, ഔദ്യോഗിക ഭാരവാഹികൾ പുരോഹിതർ അൽമായർ, ഡീക്കന്മാർ, സഹോദരിമാർ, 24 മഹായിടവകകൾ, മിഷൻ കേന്ദ്രങ്ങൾ, ആശുപത്രികൾ വിദ്യാലയങ്ങൾ, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ, അനാഥാലയങ്ങൾ, വയോജന മന്ദിരങ്ങൾ, ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള കേന്ദ്രങ്ങൾ, വിശ്വാസ സമൂഹം എന്നിവരെ ഓർമ്മിച്ച് പ്രാർത്ഥിക്കുന്നു.

**ജന: വിശ്വസ്തതാപൂർണ്ണമായ കൂട്ടായ്മയിലേക്കുള്ള തീർത്ഥാടനത്തിൽ അങ്ങ് ഞങ്ങളുടെ മധ്യേ വസിക്കേണമേ.**

**ഗീതം/കീർത്തനം:**

**കർത്താവിന്റെ പ്രാർത്ഥന**

**സമാപന പ്രാർത്ഥന**

**ശുശ്രൂ:** കൃപാലുവായ ദൈവമേ, അവിടുത്തെ സാന്നിധ്യം തിരിച്ചറിയുവാൻ ഈ ആരാധനയിൽ ഞങ്ങളെ സഹായിച്ചതിനായി നന്ദി കരേറ്റുന്നു. ഞങ്ങളുടെ തീർത്ഥയാത്രയിൽ മറ്റുള്ളവരോട് ക്ഷമിക്കുവാനും അനുരഞ്ജനപ്പെടുവാനും ഞങ്ങളെ പ്രാപ്തരാക്കേണമേ. അനുരഞ്ജനത്തിന്റെ ശുശ്രൂഷകരായി ലോകത്തിലേയ്ക്ക് പുറപ്പെട്ടു പോകുവാൻ തക്കവണ്ണം അങ്ങ് ഞങ്ങളെ പ്രകാശിപ്പിക്കേണമേ.

**ജന: ആദിയും അന്തവും ആയ ദൈവമേ, ദക്ഷിണേന്ത്യ സഭയിലെ തീർത്ഥാടകർ മാത്രമാണ് ഞങ്ങളെന്ന തിരിച്ചറിവ് ഞങ്ങൾക്ക് നൽകിയതിനായി സ്തോത്രം. പുതുമകൾ ദർശിക്കുവാനായി ഞങ്ങളുടെ കണ്ണുകളെയും ശ്രവിക്കുവാനായി കാതുകളേയും സ്നേഹിക്കുവാനായി ഹൃദയത്തേയും തുറന്നു തന്നതിനായി നന്ദി കരേറ്റുന്നു. ഞങ്ങൾ ആരാണെന്ന് വാസ്തവമായി തിരിച്ചറിയുവാനും ഞങ്ങൾ എന്താവണമെന്ന് അങ്ങ് ആഗ്രഹിക്കുന്നുവെന്ന് മനസ്സിലാക്കുവാനും ഞങ്ങളെ സഹായിക്കേണമേ. ക്രിസ്തു മുഖാന്തിരം ഞങ്ങളെ കേൾക്കേണമേ – ആമേൻ**

**ആശീർവാദം**

നമ്മെ സൃഷ്ടിച്ച പിതാവാം ദൈവം നമ്മുടെ കാലടികളെ നയിക്കട്ടെ. നമ്മെ വീണ്ടെടുത്ത പുത്രനാം ദൈവം സഹയാത്രികനായി സദാ കൂടെയിരിക്കട്ടെ. നമ്മെ ശുദ്ധമാക്കുന്ന പരിശുദ്ധാത്മാവാം ദൈവം ഈ ജീവിത തീർത്ഥാടനത്തിൽ നമുക്ക് വഴി കാട്ടട്ടെ. ഇങ്ങനെ പിതാ, പുത്ര, പരിശുദ്ധാത്മാവാം ത്രിയേക ദൈവത്തിന്റെ അനുഗ്രഹം പ്രിയമുള്ളവരേ നമ്മോടെല്ലാവരോടും കാലാവസാനം കൂടാതെ ഉണ്ടായിരിക്കട്ടെ – ആമേൻ

*(തുടർന്ന് അപ്പം നുറുക്കൽ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നുവെങ്കിൽ സി. എസ്. ഐ. സഭയുടെ പൊതു ആരാധനാക്രമത്തിൽ നിന്നും പ്രസ്തുത ഭാഗം ഉപയോഗിക്കാവുന്നതാണ്)*

*വിവർത്തനം:*
*റെജു ജസ്റ്റിൻ,*
*ദക്ഷിണ കേരള മഹായിടവക*